CODE NO: A

വിഷയം:- തനിച്ചിരുന്നൊരാൾ എഴുതുന്നു.

# ഇരികളുടെ ഘോഷമാടം

ഒരു മഴപെയ്ത്ത് തോർന്ന തണുത്ത സായാഹ്നം ഇലകൾ ഇനിയും വാകമരച്ചില്ലകളിൽ തങ്ങി നിൽക്കുന്ന മഴത്തുള്ളികളെ തഴുകിക്കൊണ്ട് ഒരിളം കാറ്റ് കടന്നു പോയി. പുതുമം പരക്കുന്ന പാതിരാപ്പൂക്കളുടെ സുഗന്ധം ആസ്വദിച്ചുകൊണ്ടാകണം ഒരു കരിങ്കിളി മുറ്റത്തെ ഞാവൽമരച്ചില്ലയിൽ ചേക്കേറി... പടിഞ്ഞാറ് കറുത്ത ആകാശച്ചെരിവുകളിലേക്ക് ഇപ്പോൾ വഴി. മുഴുവനും തോരപ്പെയ്തിട്ടും ഇലകളെല്ലാം മയങ്ങി. ലാണെങ്കിലും ചെടിയിലെ മഴത്തുള്ളികളെ താരാട്ടാൻ അവ മറന്നിട്ടില്ല.. താരാട്ടിന് താളം പിടിച്ചുകൊണ്ടാകണം മാനത്തു നിന്നും അടുത്ത മഴച്ചാർത്ത് വീണ്ടും തുടങ്ങി...

മഴപെയ്താൽ പുറത്തിറങ്ങാതെ ചോദ്യമാണ് പൊട്ടിയ ഓടിനിടയിലൂടെ ഒലിച്ചിറങ്ങുന്ന വെള്ളത്തെ പാത്രങ്ങളിൽ ശേഖരിക്കലാണ് ഇരികളുടെ പ്രധാന ജോലി.. ഒരു പാത്രമെടുത്തു കൊണ്ടുവരുമ്പോഴേക്കും വന്നു.. ചാറ്റൽമഴ ഇറയത്താകെ നനഞ്ഞൊലിക്കുന്നു

CODE NO: A

അരങ്ങ് 2019

വെള്ളം വീഴുന്ന സ്ഥലം നോക്കി അരിക പാത്രം വെച്ചു. പാത്രത്തിൽ ചിതറിവീണ തുള്ളികൾ അരികയുടെ പാദങ്ങളിലേക്ക് തെറിച്ചു

ഈ മഴ ഇനി നേരം വെളുത്താലും തോരുമെന്ന് തോന്നുന്നില്ല' അരിക അപ്പനോട് പറഞ്ഞു.. 'അതേ നേരാ മോളേ... നീയിങ്ങ് അകത്തോട്ട് കേറിപ്പോരേ...' അടുക്കളയിൽ നിന്ന് അമ്മ വിളിച്ചു പറഞ്ഞു. വാതിലടച്ച് അരിക അകത്തേക്ക് കയറി.. പെരയ്ക്കകവും മുഴുവൻ ചോരുകയാണ്. പൊട്ടിയ ഓടുകൾ പലതവണ ഇതിനും മാറ്റിയുമൊക്കെ വെച്ചതാണ്.. എങ്കിലും അടുത്ത മഴക്കാലമെത്തുമ്പോൾ അവ വീണ്ടും ചോർന്നു തുടങ്ങും.

അരികയുടെ കൂട്ടുകാരും കൂട്ടാളികളുമാണ് ഉപ്പാപ്പനും മറിയമ്മയും. വേറെയും മക്കളും കൊച്ചുമക്കളുമെല്ലാം ഉണ്ടെങ്കിലും അവർക്ക് ഏറ്റവും പ്രിയം അരികയോടാണ്.. അരികയ്ക്കും അങ്ങനെ തന്നെ.. പഠിത്തമെല്ലാം കഴിഞ്ഞ് ജോലി നോക്കുന്നതും അവൾ ഇവിടെ നിന്ന് തന്നെയാണ്.. അരികയുടെ അപ്പനമ്മമാരെല്ലാം

CODE NO: A

അരങ്ങ് 2019

പട്ടണത്തിലാണ്. അനികയ്ക്ക് മാത്രം ചെറുപ്പം
മുതലേ നാടിനോടാണ് കൂടുതലിഷ്ടം. പുറത്ത്
ജോലി കിട്ടിയിട്ടും പോകാതെ നാട്ടിൽ തന്നെയുള്ള ഒരു
സ്ഥാപനത്തിലാണ് അവൾ ജോലി നോക്കുന്നത്.
നിറഞ്ഞൊഴുകുന്ന പുഴകളും പച്ചവിരിച്ച
പാടങ്ങളുമൊന്നും കാണാത്ത പട്ടണത്തിന്റെ
തിരക്കുകളിൽ പെട്ട് നടക്കാൻ അവൾ ഇഷ്ടപ്പെടുന്ന-
തേയില്ല.. രാത്രി മഴ വീണ്ടും തകർത്തു പെയ്യു-
കൊണ്ടിരിക്കുകയാണ്.. അച്ഛനും അമ്മയും
നനയാത്ത സ്ഥലം നോക്കി കട്ടില് ചേർത്തിട്ട്
ഉറക്കം പിടിച്ചു.. അനികയും തന്റെ കട്ടിലിലേക്ക്
ചാഞ്ഞു.. പുറത്ത് മഴയുടെ താളമൊന്നാകെ
ശബ്ദത്തിൽ കൂടി വരികയാണ്.. രണ്ട് മഴത്തുള്ളി-
കൾ അനികയുടെ മുഖത്തേക്ക് വീണു.. കണ്ണുകൾ
തുടച്ചുകൊണ്ട് അവൾ എഴുന്നേറ്റു.. ഇനി
നീങ്ങിയിടാൻ സ്ഥലമില്ല.. ഉമ്മറപ്പുറത്ത് കുടി
പുതച്ചുകൊണ്ട് കട്ടിലിന്റെ ഒരു മൂലയിലേക്ക്
അവൾ കൂനിക്കൂടി..

ഓരോ മഴക്കാലവും പെയ്തും തോർന്നുമങ്ങനെ
കടന്നു പോയ്ക്കൊണ്ടേയിരുന്നു. ഒരു മഴക്കാല-

CODE NO. A

ത്തിന്റെ അവസാനത്തിൽ അവളുടെ പ്രിയപ്പെട്ട ഉണ്ണിയപ്പൻ അവളെ വിട്ടുപോയി.. അന്നാദ്യമായ് മുഖമൊളിപ്പിക്കും ഒരു പക്ഷേ അവൾ കരഞ്ഞിരി-ക്കണം.. എങ്കിലും മുഖിൽ കുതിർന്ന പോലെ കണ്ണീർ തുടയ്ക്കാൻ അവളും മറന്നുപോയി...

അനികയുടെ അച്ഛനും അമ്മയും അവളെ കൂടി കൊണ്ടുപോകുമെന്നായി.. എത്ര വിളിച്ചിട്ടും കൂടെ പോകാൻ അവൾ തയ്യാറായില്ല.. ഒടുവിൽ മുത്തശ്ശിയെയും കൊണ്ടുപോകാമെന്നായി.. പക്ഷേ അപ്പന്റെ ഓർമ്മകളുറങ്ങുന്ന വീടുവിട്ട് പോകാൻ മുത്തശ്ശി കൂട്ടാക്കിയതേയില്ല.. ചെറുപ്പം മുതലേ നാടിനോടും ആ വീടിനോടുമുള്ള അനികയുടെ ദൃഢമായ ആത്മബന്ധം അറിയാവുന്നതുകൊണ്ട്. അവളെ ആശ്വസിപ്പിച്ചു അവർ തിരിച്ചുപോയി..

ഹൃദയത്തിന്റെ താഴ്‌വരയിലെ പാറക്കൂട്ടങ്ങളെ പോലും തകർക്കുമാറ് ഉണ്ണിയപ്പന്റെ ഓർമ്മകൾ അവളെ തളർത്തി കൊണ്ടേയിരുന്നു. കാലത്തിന് മായ്ക്കാനാവാത്ത മുറിവില്ലെന്ന് പറഞ്ഞ് അമ്മ പോലും അവളെ ആശ്വസിപ്പിക്കുമ്പോഴും

CODE NO: A

അവളുടെ ഹൃദയം ആർത്തലച്ചു പെയ്യുകയായിരുന്നു. കാലത്തിന്റെ പരിഷ്കാരം കൊണ്ട് കരിങ്കല്ലും മോടി-കൂട്ടാൻ ഇഷ്ടപ്പെടാത്ത ഓടുമേഞ്ഞ ഒരു മൺകൂര-അവൾക്കൊരു മണിമാടമായിരുന്നു.

ഓരോ വർഷകാലത്തിന്റെ തണുപ്പും വേനൽച്ചൂടിന്റെ ചൂടിലും കൊണ്ടുറങ്ങിയ ഒരു മണിമാടത്തിൽ ആതിര ഒറ്റപ്പെട്ടു.. അമ്മ-ക്കുട്ടിയാണെങ്കിലും ചിന്തകൾക്ക് ചിറകുമുളച്ച അവളുടെ ഉദ്യാനത്തിൽ ഒരു ശലഭമായി പാറാനാണ് ആതിര ഏറെ ഇഷ്ടപ്പെട്ടത്.

മഴയും വെയിലും വീണ്ടും കടന്നു പോയി... ഓർമ്മ കോച്ചുന്ന തണുപ്പുള്ള ഒരു രാത്രിയിൽ ആതിരയുടെ മൺമാടം വീണ്ടും ചോർന്നു തുടങ്ങി... പുറത്ത് ആർക്കുന്ന രാക്ഷസികളും, മിഴിപൊട്ടിയ മരച്ചില്ലകളും മാത്രം അവൾക്ക് കൂട്ടിരുന്നു... പെയ്തു വീഴുന്ന മഴത്തുള്ളികൾ തനിച്ചു നനയാൻ അവൾ ആഗ്രഹിച്ചു.. അതു കൊണ്ടാവണം ഒരു രാത്രി മഴ തോർന്നതേയില്ല... അവളുടെ മാത്രം മഴമാടത്തിൽ തനിച്ചിരുന്നവൾ മഴ നനഞ്ഞു കൊണ്ടേയിരുന്നു...